പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-കോവളം എൻ. എച്ച്. ബൈപാസ്സിനു സമീപം വ്യാവസായിക വികസനത്തിനായി എത്ര ഏക്കർ വയലാണ് അക്വയർ ചെയ്തത്;

(ബി) ഈ സ്ഥലം വ്യവസായികൾക്ക് നൽകിയോ; എങ്കിൽ ആർക്കാണ് നൽകിയത്;

(സി) ഇവർ ഇവിടെ എന്നേക്ക് വ്യവസായമാരംഭിക്കുമെന്ന് കരുതുന്നു;

(ഡി) ഇവിടെ ആരംഭിക്കുന്ന വ്യവസായങ്ങളിൽ എത്ര പേർക്ക് തൊഴിൽ ലഭിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കഴക്കൂട്ടം-കോവളം എൻ. എച്ച്. ബൈപാസ്സിനു സമീപം ഐ.ടി. വ്യവസായ വികസനത്തിനായി 86 ഏക്കർ അക്വയർ ചെയ്തിട്ടുണ്ട്. അതിൽ ഏകദേശം 68 ഏക്കർ വയലാണ്.

(ബി) ഇതിൽ ഇൻഫോസിസിന് 50 ഏക്കറും ബാക്കി യു. എസ്. സോഫ്റ്റ്വെയറിനും കൊടുക്കാൻ തീരുമാനമായിട്ടുണ്ട്.

(സി) ലാൻഡ് ഡെവലപ്പ്മെൻറ് പൂർത്തിയായാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങും.

(ഡി) ഏകദേശം 10000-നും 20000-നും ഇടയിൽ തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള വികസനത്തിന് ആവശ്യമില്ലാത്ത സ്ഥലം

50 [2187] പ്രൊഫ. എ. ഡി. മുസ്തഫ;
ശ്രീ. കെ. സി. ജോസഫ്:
" എം. കെ. പോൾസൺ മാസ്റ്റർ:
" ടി. യു. രാധാകൃഷ്ണൻ:
" വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ളതും അവയുടെ വികസനത്തിനാവശ്യമില്ലാത്തതുമായ എത്ര സ്ഥലമുണ്ട്;

(ബി) ഈ സ്ഥലം എന്തു ചെയ്യുവാൻ ഉദ്ദേശിക്കുന്നു;

(സി) ഈ സ്ഥലം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് എടുക്കുവാനുദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് അതിനുള്ള വില നൽകുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ളതും അവയുടെ വികസനത്തിനാവശ്യമില്ലാത്തതുമായ സ്ഥലം എത്രയുണ്ടെന്നും അവ വ്യാവസായികാവശ്യത്തിനായി ഉപയോഗിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നതിനും കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്; ഇവ എങ്ങിനെ വിനിയോഗിക്കണമെന്ന് തീരുമാനിച്ചിട്ടില്ല.

(സി) ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒറ്റത്തവണ സഹായ പദ്ധതി

51 [2188] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്: വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്തെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെയാണ് സാമ്പത്തികമായി ഒറ്റത്തവണ സഹായ പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകി പ്രവർത്തനക്ഷമമാക്കിയിട്ടുള്ളത്;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയിട്ടുള്ളത്;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്തെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾക്കാണ് സർക്കാർ ഫണ്ട് നൽകി പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റത്തവണ സഹായ പദ്ധതി നൽകി ലാഭകരമാക്കാവുന്ന സ്ഥാപനങ്ങളെക്കുറിച്ച് ക്യാബിനറ്റ് സബ്കമ്മിറ്റി പരിശോധിച്ചു വരുന്നതേ ഉള്ളൂ.

(ബി) അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങളും രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ ഡിവിഷനും അടച്ചുപൂട്ടിയിട്ടുണ്ട്.

(സി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ജില്ലാതല കർമ്മ സമിതികൾ

52 [2189] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, മഞ്ഞളാംകുഴി അലി:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പീഡിത വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിന് സർക്കാരിന് ഉപദേശം നൽകുന്നതിനായി ജില്ലാതലത്തിൽ കർമ്മസമിതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ഉപദേശങ്ങൾ ലഭിക്കുകയുണ്ടായി;

† അനുബന്ധം V കാണുക.

LIBRARY ARCHIVES Kerala Legislative Assembly